9.30 AM]

II ചരമോപചാരം

കെ. പി. മമ്മു മാസ്റ്ററുടെ നിര്യാണം

മി. ഡെപ്യൂട്ടി സ്പീക്കർ : മുൻ കേരള നിയമസഭാംഗം കെ. പി. മമ്മു മാസ്റ്റർ 2015 ഫെബ്രുവരി 10-ന് അന്തരിച്ചു.

കണ്ണൂർ ജില്ലയിലെ പാനൂർ ഒതയോത്ത് താഴെക്കുന്നിയിൽ അബ്ദുള്ളയുടെ മകനായി 1940 ജൂലൈ 16-ന് കെ. പി. മമ്മു മാസ്റ്റർ ജനിച്ചു. കൊളവല്ലൂർ ഹൈസ്കൂൾ അദ്ധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം അദ്ധ്യാപക പ്രസ്ഥാനത്തിലൂടെ പൊതുരംഗത്ത് സജീവമായി.

1987-ൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ നിന്നും എട്ടാം കേരള നിയമസഭയിലേക്കും 1991-ൽ തലശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും ഒൻപതാം കേരള നിയമസഭയിലേക്കും സി.പി.ഐ.(എം) പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

1996-ൽ തലശ്ശേരി നിയോജകമണ്ഡലത്തിൽനിന്നും പത്താം കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും 1996 ജൂലൈ 1-ാം തീയതി സഭാംഗത്വം രാജിവയ്ക്കുകയുണ്ടായി. സഭാതലത്തിൽ ജനകീയ പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനും മണ്ഡലത്തിന്റെ വികസനത്തിനും അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

പന്ന്യന്നൂർ ഗ്രാമപഞ്ചായത്തംഗം, കെ.പി.റ്റി.യു. സംസ്ഥാന കമ്മിറ്റി അംഗം, കെ.എസ്.റ്റി.എ. സംസ്ഥാന എക്സിക്യൂട്ടീവ് അംഗം, കെ.എസ്.റ്റി.യു. കണ്ണൂർ ജില്ലാ സെക്രട്ടറി, കാലിക്കറ്റ് സർവ്വകലാശാലാ സെനറ്റംഗം, കേരളാ ഗാർമെന്റ്സ് ലിമിറ്റഡ് ചെയർമാൻ എന്നീ നിലകളിലും കെ.പി. മമ്മുമാസ്റ്റർ പ്രവർത്തിച്ചിട്ടുണ്ട്.

കെ. പി. മമ്മു മാസ്റ്ററുടെ നിര്യാണത്തോടെ മികച്ച ഒരു സംഘാടകനേയും നിസ്വാർത്ഥനായ പൊതുപ്രവർത്തകനേയുമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

LIBRARY ARCHIVES Kerala Legislative Assembly